പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1363      06-03-2020-ലെ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ കർഷകർക്ക് കടാശ്വാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ.ആർ. കേളു** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന വയനാട് ജില്ലയിലെ കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള കടാശ്വാസം നൽകിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | കാർഷിക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അവാർഡുകളുടെ അടിസ്ഥാനത്തിൽ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്ക് കർഷക കടാശ്വാസം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വയനാട് ജില്ലയ്ക്ക് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള കടാശ്വാസം നൽകിയിട്ടുണ്ടെന്നും എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | | (table below) |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ എത്ര കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള 5175 കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം നൽകിയിട്ടുണ്ട്. |

| വർഷം | അനുവദിച്ച തുക |
|---|---|
| 01.04.2019 മുതൽ 29.02.2020 വരെ | 1,02,63,703 |
| 2018-2019 | 1,38,71,878 |
| 2017-2018 | 4,45,65,088 |
| 2016-2017 | 7,62,13,459 |

**സെക്ഷൻ ഓഫീസർ**